നഗരസഭകൾ സംസ്ഥാന ഡി.പി.ആർ കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിച്ച പ്രോജക്ട് ആശയങ്ങളിൽനിന്നും തെരഞ്ഞെടുത്ത് തയ്യാറാക്കിയ പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകളിൽനിന്നും ടെക്നിക്കൽ എക്സ്പർട്ട് കമ്മിറ്റി വിലയിരുത്തി അംഗീകരിക്കുന്നവയുടെ ഡി.പി.ആറുകൾ തയ്യാറാക്കുന്നതിനുള്ള അംഗീകാരമാണ് അർബൻ 2020 പദ്ധതിയിൻകീഴിൽ നൽകിവരുന്നത്. 42 നഗരസഭകൾ സമർപ്പിച്ച 117 പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകളിൽനിന്നും 30 നഗരസഭകളുടെ 42 റിപ്പോർട്ടുകളാണ് ഡി.പി.ആറുകളായി പരിവർത്തിപ്പിക്കുന്നതിന് നിലവിൽ അംഗീകാരം നൽകിയിട്ടുള്ളത്.

ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

98 (2731) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ ക്ഷേമത്തിനായി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും എത്രപേർക്ക് ഇപ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി ഓരോ വർഷവും ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക എത്രയെന്നും ചെലവാക്കിയ തുക എത്രയെന്നും ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) സർക്കാർ സർവ്വീസിൽ 2012 ഏപ്രിൽ മുതൽ 2015 മാർച്ച് വരെയുള്ള കാലയളവിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എത്ര ശതമാനം പേർക്ക് ജോലി നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ ജില്ലതിരിച്ച് നൽകാമോ ?

ഉത്തരം

(എ & ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) വിവരം ശേഖരിച്ചുവരുന്നു.

ന്യൂനപക്ഷ ക്ഷേമത്തിനായുള്ള കേന്ദ്ര ധനസഹായം

99 (2732) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ന്യൂനപക്ഷ ക്ഷേമത്തിനുവേണ്ടി കേന്ദ്ര സർക്കാരിൽനിന്നും ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതമാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly